"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്-ആശ്വാസകിരണം പദ്ധതി ധനസഹായം - ശ്രീ.ചിന്നക്കുട്ടി സമർപ്പിച്ച അപേക്ഷ-പ്രത്യേക കേസായി പരിഗണിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.74/2026/SJD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. 29/12/20217-ൽ ആശ്വാസകിരണം പദ്ധതി ധനസഹായത്തിനായി ശ്രീ.ചിന്നക്കുട്ടി സമർപ്പിച്ച അപേക്ഷ
2. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 27/09/2025-ന് HRMP 5378/11/13/2024/TSR നമ്പർ ഉത്തരവ്
3. കേരള സാമുഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/12/2025-ലെ KSSM/1274/2024-P4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശാരീരിക-മാനസിക വെല്ലുവിളി നേരിട്ടുന്നവരെയും 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങൾ കൊണ്ട് കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/-രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

42 വയസും 39 വയസ്സും ഉള്ള തന്റെ രണ്ടു മക്കൾക്കും സെറിബ്രൽ പാൾസി രോഗം മൂലം പരസഹായം കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും സംസാരിക്കാനോ ചലിക്കാനോ കഴിയാത്ത അവസ്ഥയിൽ അവരുടെ സംരക്ഷണത്തിന് വേണ്ടി ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായം ലഭ്യമാകുന്നതിനായി ശ്രീ.ചിന്നക്കുട്ടി പരാമർശം (1) പ്രകാരം അപേക്ഷ നല്കിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭ്യമായിട്ടില്ലായെന്ന് കാണിച്ച് ശ്രീ.ചിന്നക്കുട്ടി കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ HRMP/5378/11/13/2024 നമ്പരായി പരാതി നല്കുകയുണ്ടായി. പ്രസ്തുത പരാതി കമ്മീഷൻ പരിഗണിക്കുകയും, ആശ്വാസകിരണം പദ്ധതി നടപ്പിലാക്കുന്ന കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ആശ്വാസ കിരണം പദ്ധതി ധനസഹായം ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്കായിരുന്നു അനുവദിച്ചുവന്നിരുന്നത്. ശ്രീ.ചിന്നക്കുട്ടി സമർപ്പിച്ച അപേക്ഷ 04/06/2018-ലാണ് കേരള സാമൂഹ്യസുരക്ഷാമിഷനിൽ ലഭ്യമായതെന്നും, 2018 മാർച്ച് 31-നു ശേഷം ലഭിച്ച അപേക്ഷകൾ പരഗണിക്കുന്നതിന് ഫണ്ട് ലഭ്യമല്ലാത്തതിനാലാണ്, ധനസഹായത്തിനായുള്ള അപേക്ഷ പരിഗണിക്കുവാൻ കഴിയാതിരുന്നതെന്നും കേരള സാമൂഹ്യസുരക്ഷമിഷനിൽനിന്നും മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് നല്കിയിരുന്നു.

ശ്രീ.ചിന്നക്കുട്ടിയുടെ മകനായ ശ്രീ.ഗീവർഗ്ഗീസിനെ പരിചരിക്കുന്നതിനുള്ള ധനസഹായത്തിനായുള്ള അപേക്ഷ 29-12-2017-ന് നൽകിയിരുന്നതായി ചൊവ്വന്നൂർ ശിശുവികസന പദ്ധതി ഓഫീസിൽ നിന്ന് ലഭിച്ച കൈപ്പറ്റ് രസീതിൽ നിന്നും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മനസ്സിലാക്കിയതു പ്രകാരം, പ്രസ്തുത അപേക്ഷ 2018 മാർച്ച് 31-ന് മുൻപ് കേരള സാമൂഹ്യസുരക്ഷാമിഷനിൽ എത്തിക്കാത്തതുമൂലം ടിയാൾക്ക് ലഭിക്കേണ്ട ആനുകൂല്യം, മുടങ്ങിയ സാഹചര്യം കണക്കിലെടുത്ത്, ടി അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച്, പരാതിക്കാരന് നൽകേണ്ട ആനുകൂല്യം ലഭ്യമാക്കണമെന്ന് കേരള സാമുഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീചിന്നക്കുട്ടിയുടെ അപേക്ഷ 29/12/2017-ന് ശിശുവികസന പദ്ധതി ഓഫീസിൽ നൽകിയിരുന്നത് കണക്കിലെടുത്ത്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അപേക്ഷാ തീയതി മുതലുള്ള ധനസഹായം 96 മാസത്തെ തുകയായ (96x600) 57,600/- (അൻപത്തിയേഴായിരത്തിയറുന്നൂറ് രൂപ മാത്രം) ശ്രീ ചിന്നക്കുട്ടിക്ക് അനുവദിച്ച് കമ്മിഷൻ ഉത്തരവ് നടപ്പിലാക്കാവുന്നതും, പ്രസ്തുത തുക ആശ്വാസകിരണം ഫണ്ടിൽ നിന്നും വഹിക്കാവുന്നതുമാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷമിഷൻ രജിസ്ട്രാർ, കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം, കേരളം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Lathika K
Date: 11-03-2026 10:41:32
സെക്ഷൻ ഓഫീസർ